**File No.LSGD-RC2/213/2020-LSGD**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോവിഡ്-19 വ്യാപനത്തെത്തുടർന്ന് പ്രവർത്തനം നിർത്തിവച്ചിരുന്ന കോഴിക്കോട് മുനിസിപ്പൽ കോർപറേഷൻ വക വാണിജ്യ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന റീജിയണൽ കോളേജ് ഓഫ് കൊമേഴ്സ് & മാനേജ്മെന്റ് എന്ന സ്ഥാപനത്തിന് വീണ്ടും പ്രവർത്തിക്കാൻ അനുവാദം നൽകപ്പെട്ട കാലംവരെയുള്ള വാടക- ഇളവ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർസി) വകുപ്പ്**

**സ.ഉ.(സാധാ) നം.509/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/02/2021

---

പരാമർശം:- 1 കോഴിക്കോട് കോർപറേഷൻ കൗൺസിലിന്റെ 19/10/2020 -ലെ അജണ്ട നം.CZ/B1/1034/H6/2015/CDA യിലെ തീരുമാനം നമ്പർ 29.

2 കോഴിക്കോട് മുനിസിപ്പൽ കോർപറേഷൻ സെക്രട്ടറിയുടെ 06/11/2020 തീയതിയിലെ CZ/B1/1034/H6/2015/CDA നമ്പർ കത്ത്.

3 നഗരകാര്യ ഡയറക്ടറുടെ 29/01/2021 തീയതിയിലെ ജി3-18624/20 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് നഗരസഭാ പരിധിയിൽ ചെറുവണ്ണൂർ- നല്ലളം മേഖലയിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കേന്ദ്രത്തിലെ 2 നിലകൾ റീജിയണൽ കോളേജ് ഓഫ് കൊമേഴ്സ് & മാനേജ്മെന്റ് എന്ന സ്ഥാപനത്തിന് 76,792/- രൂപയ്ക്ക് വാടകയ്ക്ക് നൽകിയിരുന്നു. കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ടി സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കുവാൻ സാധിക്കാത്തതിനാൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സർക്കാർ പ്രവർത്തനാനുമതി നൽകുന്നത് വരെ വാടക അടവാക്കുന്നതിൽ നിന്ന് ഒഴിവാക്കണമെന്ന് സ്ഥാപന ഉടമ ശ്രീ. രനീഷ്. പി കോർപറേഷനോട് ആവശ്യപ്പെട്ടിരുന്നു. ടിയാന്റെ ഏക വരുമാനമാർഗ്ഗം പ്രസ്തുത സ്ഥാപനത്തിൽ നിന്നുള്ള വരുമാനമാണ് എന്ന വസ്തുത പരിഗണിച്ച്, സർക്കാർ പ്രവർത്തനാനുമതി നൽകുന്നതുവരെ വാടകയിൽ നിന്നും ഒഴിവാക്കി നൽകുന്നതിന് സർക്കാർ അനുമതി തേടുന്നതിന് പരാമർശം (1) പ്രകാരം കോർപറേഷൻ കൗൺസിൽ തീരുമാനമെടുക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ കോർപറേഷൻ സെക്രട്ടറി പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ നഗരകാര്യ ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ ലഭ്യമാക്കി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോഴിക്കോട് മുനിസിപ്പൽ കോർപറേഷൻ കൗൺസിലിൻ്െറ പരാമർശം 1 പ്രകാരമുള്ള തീരുമാനത്തിൻ്െറ

അടിസ്ഥാനത്തിൽ , കോഴിക്കോട് നഗരസഭാ പരിധിയിൽ ചെറുവണ്ണൂർ - നല്ലളം മേഖലയിൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കേന്ദ്രത്തിലെ ഒന്നും രണ്ടും നിലകളിൽ പ്രവർത്തിക്കുന്ന റീജിയണൽ കോളേജ് ഓഫ് കൊമേഴ്സ് & മാനേജ്മെന്റ് എന്ന വിദ്യാഭ്യാസ സ്ഥാപനത്തിന്, കോവിഡ്-19 കാലയളവിൽ, വീണ്ടും തുറന്ന് പ്രവർത്തിക്കാൻ അനുവാദം നൽകപ്പെട്ട കാലംവരെയുള്ള വാടക ഒഴിവാക്കി നൽകുന്നതിന് കോഴിക്കോട് മുനിസിപ്പൽ കോർപറേഷന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, കോഴിക്കോട് മുനിസിപ്പൽ കോർപറേഷൻ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (File No.LSGD-RC2/213/2020-LSGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ